സിംപോസിയം

# 5. ഏകസിവിൽകോഡ്

**താഹിർ മഹ്മൂദ്** (റിസർച്ച് ഓഫീസർ, ഇന്ത്യൻ ലോ ഇൻസ്റ്റിറ്റ്യൂട്ട്; ഡൽഹി)

**പൊതുസിവിൽകോഡ്** വാദത്തിന് പിൻബലമായി അന്യനാടുകളിലെ മുസ്‌ലിം വ്യക്തിനിയമത്തിൽ വരുത്തിയ പരിഷ്കരണങ്ങളെപ്പറ്റി ഒട്ടേറെ പറയപ്പെട്ടിട്ടുണ്ട്. മുസ്‌ലിം വ്യക്തിനിയമത്തിന്റെ നിലവിലുള്ള അവസ്ഥയെപ്പറ്റി എല്ലാ നാടുകളിലും ഞാനൊരു സർവ്വേ നടത്തുകയുണ്ടായി. ഇസ്‌ലാം സ്റ്റേറ്റു മതമോ പ്രധാന മതമോ ആയ നാടുകളും മുസ്‌ലിംകൾ ഒരു മതന്യൂനപക്ഷം മാത്രമായ നാടുകളും എല്ലാം ഇതിലുൾപ്പെടുന്നു. മുസ്‌ലിം രാഷ്ട്രങ്ങളിൽ ബഹുഭൂരിപക്ഷവും പ്രാദേശിക തലത്തിൽ നടപ്പിലുള്ള വ്യക്തിനിയമത്തിന്റെ പരമ്പരാഗതരൂപം ഇന്നേവരെ നിലനിർത്തിപ്പോരുന്നതായാണ് എനിക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്. ഇത് സൗദി അറേബ്യ, ലിബിയ, കുവൈത്ത്, യമൻ തുടങ്ങി പിന്തിരിപ്പൻ എന്ന് മുദ്രകുത്തപ്പെട്ട രാഷ്ട്രങ്ങളെ സംബന്ധിച്ച് മാത്രമല്ല, ഗാംബിയ, സോമാലിയ, പൂർവ്വനൈജീരിയ, മാലി, ചാഡ്, മോറിട്ടാനിയ, നൈജർ, സെനിഗൾ, അഫ്ഗാനിസ്ഥാൻ, ബ്രൂണായ്, ഇൻന്തോനേഷ്യ, മലേഷ്യ തുടങ്ങിയ രാഷ്ട്രങ്ങളെ സംബന്ധിച്ചും സ്ഥിതി ഇതുതന്നെയാണ്. ഇവയിൽ പല രാഷ്ട്രങ്ങൾക്കും സെക്യുലർ ഭരണഘടനയാണുള്ളത്. ചുരുക്കം ചിലത് കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾക്ക് കീഴിലുള്ളവപോലുമാണ്.

ഇറാനും, പശ്ചിമേഷ്യ എന്ന് വിളിക്കപ്പെടുന്ന മേഖലയിലുള്ള മിക്ക അറബിനാടുകളും മുസ്‌ലിം വ്യക്തിനിയമത്തിന്റെ പ്രാദേശിക രൂപത്തിൽ പരിഷ്കരണങ്ങൾ വരുത്തിയിട്ടുണ്ടെന്നത് വാസ്തവം തന്നെ. പക്ഷെ, പ്രധാന കർമ്മശാസ്ത്രസരണികളുടെയും ഉപസരണികളുടെയും സാകല്യം ഉൾക്കൊള്ളുന്ന സമഗ്രമായ ഇസ്‌ലാമിക നിയമത്തിന്റെ വിശാലമായ ചട്ടക്കൂട്ടിൽനിന്ന് പുറത്തുപോയിക്കൊണ്ടുള്ളതായിരുന്നില്ല ഈ പരിഷ്കരണങ്ങളൊന്നും, ഒറ്റപ്പെട്ട ഒരുദാഹരണമെന്നോണം തുർക്കി മുസ്‌ലിം വ്യക്തിനിയമത്തിന്ന് പകരം ആധുനിക പാശ്ചാത്യൻ കോഡ് പ്രതിഷ്ഠിച്ചിട്ടുണ്ട്. പശ്ചിമേഷ്യക്ക് പുറത്ത്, ചില പരിഷ്കരണങ്ങൾ നടപ്പാക്കിയ ഏക രാഷ്ട്രം പാക്കിസ്ഥാനാണ്. നിയന്ത്രണ സ്വഭാവത്തോടുകൂടിയുള്ളതാണ് ഈ പരിഷ്കരണങ്ങളിൽ മിക്കതും.

മുസ്‌ലിംകൾ ന്യൂനപക്ഷമായ ഗ്രീസ്, യൂഗോസ്ലാവിയ, ഘാന, ഉഗാണ്ട, തായിലാണ്ട്, ബർമ്മ മുതലായ രാഷ്ട്രങ്ങളിൽ ഇസ്‌ലാമിക നിയമത്തിന്റെ ക്ലാസിക്കൽ രൂപം ഇപ്പോഴും ഭേദഗതിചെയ്യപ്പെടാതെ നിലനിൽക്കുന്നതായാണ് എനിക്ക് കാണാൻ കഴിഞ്ഞത്. സൈപ്രസ്സ്, സിലോൺ, സിംഗപ്പൂർ മുതലായ രാഷ്ട്രങ്ങളിൽ വ്യക്തിനിയമം ഭാഗികമായി പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്; റദ്ദ് ചെയ്യപ്പെട്ടിട്ടില്ല. ക്രമേണയായി വ്യക്തിനിയമത്തിന്റെ സ്ഥാനത്ത് ഔദ്യോഗിക നിയമങ്ങൾ (Statutory Laws)സ്ഥാപിച്ച രാഷ്ട്രങ്ങൾ സോവിയറ്റ് യൂനിയനും ഫിലിപ്പൈൻസും മാത്രമാണ്.

നമ്മുടെ ജന്മഗേഹത്തിലേക്ക് മടങ്ങിവരുമ്പോൾ മുസ്‌ലിംകളിൽ വമ്പിച്ച ഭൂരിപക്ഷം പേഴ്സനൽ ലോ റദ്ദു ചെയ്യുന്നതിനേയും പരിഷ്കരിക്കുന്നതിനേയും ഒരുപോലെ എതിർക്കുന്നതാണ് കാണാൻ കഴിയുന്നത്. ഏകസിവിൽകോഡ് വാദത്തിന്റെ വക്താക്കളായി മുസ്‌ലിംകളിൽ നന്നെചെറിയൊരു ന്യൂനപക്ഷം മാത്രമേയുള്ളൂ. മി. എം. സി. ഛഗ്ല, ഹമീദു ദൽവായ് തുടങ്ങി ഏതാനും പേരെ മാത്രമേ എനിക്കറിയൂ. വ്യക്തിനിയമം പരിഷ്കരിക്കുന്നതിനെ അനുകൂലിക്കുന്നവരായി ഇവരൊഴിച്ച് ആരേയും കണ്ടെത്താൻ സാധ്യമല്ല. ഈ ന്യൂനപക്ഷത്തിനാവട്ടെ സമുദായത്തിൽനിന്ന് യാതൊരു പിൻബലവുമില്ലതാനും. ഭരണഘടനയുടെ മാർഗനിർദേശ തത്വമനുസരിച്ച് ഒരു ഏക സിവിൽകോഡ് നടപ്പാക്കാനുള്ള ശ്രമങ്ങൾ നടത്താൻ ബാധ്യസ്ഥരാണ് ഗവർമ്മെണ്ട്. കൺകറന്റ് ലിസ്റ്റിൽ കുടുംബ നിയമങ്ങൾ ആവിഷ്കരിക്കാനുള്ള അധികാരവും ഗവർമെണ്ടിനുണ്ട്. എല്ലാറ്റിനും പുറമെ ഗവർമ്മെണ്ട് മുസ്‌ലിം വ്യക്തിനിയമം റദ്ദാക്കുന്നില്ലെങ്കിൽ ചുരുങ്ങിയ പക്ഷം ഈ അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് 'ഓവറാൾ' ചെയ്യുകയെങ്കിലും വേണമെന്ന് ഭൂരിപക്ഷ സമുദായം നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷെ, ഗവർമ്മെണ്ട് ഇപ്പോഴും അതിന്ന് സന്നദ്ധമാവാതെ തങ്ങളുടെ നിലപാടിൽ ഉറച്ചുനിൽക്കുകയാണ്. എന്ത്കൊണ്ടെന്നാൽ സ്റ്റേറ്റിന്റെ ഈ അധികാരങ്ങൾക്ക് ഭരണഘടനാനിർമ്മാതാക്കൾ കല്പിച്ചരുളിയ നിദാനങ്ങളും നയങ്ങളും ദീക്ഷിക്കേണ്ടതുണ്ട് ഗവർമ്മെണ്ടിന്ന്. കോൺസ്റ്റിറ്റ്യൂട്ട് അസംബ്ലിയിൽ വെച്ച് ഡോ. അംബേദ്ക്കർ പറയുകയുണ്ടായി.

“പരമാധികാരം പരിമിതികൾക്കതീതമാണെന്ന് നിങ്ങളെത്രതന്നെ ഊന്നിപ്പറഞ്ഞാലും അതെപ്പോഴും പരിമിതമാണ്. കാരണം പരമാധികാരം വിഭിന്ന സമുദായങ്ങളുടെ വികാരങ്ങളുമായി സ്വയം തന്നെ രാജിയാവൽ അനിവാര്യമാണ്.”

കതിരുകൾ കൊയ്യാൻ പാകമാവുന്നത് വരെ ഗവർമ്മെന്റ് ഈ നിലപാടിൽതന്നെ ഉറച്ചുനിൽക്കാൻ ബാധ്യസ്ഥമാണെന്നാണ് എന്റെ അഭിപ്രായം. അപ്പോൾ ഇനി എന്ത് ചെയ്യണം? ഞാനൊരു പരിഹാരം നിർദ്ദേശിക്കാം— ഒരു മദ്ധ്യമമാർഗം. ഗവർമ്മെന്റ് സമഗ്രമായ ഒരു സിവിൽകോഡ് ആവിഷ്കരിച്ചു നടപ്പാക്കട്ടെ. പക്ഷെ അത് സ്വീകരിക്കാൻ ആഗ്രഹിക്കാത്തവരുടെ മേൽ അടിച്ചേൽപ്പിക്കരുത്. ഐഛികമായിരിക്കണം അതിന്റെ പ്രയോഗവൽക്കരണം.

പാരമ്പര്യങ്ങളുമായി വിട്ടുവീഴ്ച ചെയ്യാൻ സന്നദ്ധമാവുമ്പോൾ മാത്രമേ പുതിയ സാമൂഹിക-ദാർശനിക സിദ്ധാന്തങ്ങളാൽ നയിക്കപ്പെടുന്ന ഒരു ഗവർമ്മെന്റിന് അവ ഭദ്രമായി അനുധാവനം ചെയ്യാൻ സാധിക്കൂ.

●